**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1437** **16-10-2026-ൽ മറുപടിയ്ക്ക്**

**കോതമംഗലം നിയോജകമണ്ഡലത്തിലെ കൃഷി വകുപ്പിന്റെ പദ്ധതികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ഷിബു തെക്കുംപുറം

ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

**(എ)** കോതമംഗലം നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൃഷി വകുപ്പ് മുഖേന പുതിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി:** ഉണ്ട്.

കോതമംഗലം നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്കൂളുകൾക്ക് ഫലവൃക്ഷ തൈ വിതരണം ചെയ്യുന്നതിനായി കനിപന്തൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

**(ബി)** പ്രസ്തുത നിയോജകമണ്ഡലത്തിൽ നടപ്പാക്കി വരുന്ന പ്രധാന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

**മറുപടി:** കോതമംഗലം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു

1. നെൽകൃഷി വികസന പദ്ധതി

a)നെൽകർഷകർക്കുള്ള ധനസഹായം

2. പച്ചക്കറി വികസന പദ്ധതി

a) പച്ചക്കറി വിത്ത്/ തൈകളുടെ വിതരണം

b) ക്ലസ്റ്ററുകൾക്കുള്ള ധനസഹായം

c) പോഷകത്തോട്ടം പദ്ധതി

d) എച്ച് ഡി പി ഇ ചട്ടി വിതരണം

e) തുള്ളിനന കൃഷി

3. സുഗന്ധ വിള കൃഷി വികസനം

a) കുരുമുളക്, ജാതി, ഇഞ്ചി-മഞ്ഞൾ തുടങ്ങിയവയുടെ കൃഷി വ്യാപനം

4. ജൈവകൃഷി പ്രോത്സാഹനം

a)ജൈവകൃഷിയും ജൈവസർട്ടിഫിക്കേഷനും

5. നാളികേര വികസന പദ്ധതി

a) കേരഗ്രാമം

b) കേര രക്ഷാവാരം

c) നാളികേര തൈകളുടെ വിതരണം

6. സോയിൽ ആൻഡ് റൂട്ട് ഹെൽത്ത് മാനേജ്മെന്റ്

a) ദ്വിതീയ, സൂക്ഷമ മൂലക വിതരണം

b) ക്യാമ്പയിനുകൾ

c) സ്യൂഡോമോണസ് ട്രൈക്കോഡെർമ ഉത്പാദനവും സൗജന്യ വിതരണവും

7. സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ - മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ(SHM- MIDH)

a) പൈനാപ്പിൾ, വാഴ, മറ്റ് പഴവർഗ്ഗങ്ങളുടെ കൃഷി വ്യാപനം

b) ഹൈബ്രിഡ് പച്ചക്കറി

c) വീഡ് മാറ്റ്

d) ഷെഡ് നെറ്റ്

e) സ്പ്രെയറുകൾ

8. രാഷ്ട്രിയാ കൃഷി വികാസ് യോജന(RKVY)

a) കൂൺഗ്രാമം

b) കയറ്റുമതിക്കായുള്ള കൃഷി പ്രോത്സാഹനം

c) വനം വകുപ്പുമായി ചേർന്ന് നടത്തുന്ന സൗരോർജ്ജവേലി നിർമ്മാണം

9. ആത്മ പദ്ധതികൾ

a) ഫാം സ്കൂളുകൾ

b) പരിശീലനപരിപാടികൾ

c) പഠനയാത്രകൾ

d) പ്രദർശനത്തോട്ടങ്ങൾ

e) ഫുഡ് സെക്യൂരിറ്റി ഗ്രൂപ്പ്

f) സീഡ് മണി

g) കപ്പാസിറ്റി ബിൽഡിംങ്

h) കിസാൻഘോഷ്ടി

10. ഭാരതീയാ പ്രകൃതി കൃഷി പദ്ധതി (BPKP)

a) പരിശീലനങ്ങൾ

b) സർട്ടിഫിക്കേഷൻ

c) പ്രദർശനത്തോട്ടങ്ങൾ

11. ഫലവൃക്ഷ- പുഷ്പ- ഔഷധസസ്യ കൃഷി വികസനം

a) ഫ്രൂട്ട് ക്ലസ്റ്റർ

12. വിള വൈവിധ്യവൽക്കരണ പദ്ധതി

a) പയറുവർഗ്ഗങ്ങളുടെ കൃഷി വ്യാപനം

13. സുസ്ഥിര കൃഷി വികസനത്തിനുള്ള നാഷണൽ മിഷൻ പദ്ധതികൾ (NMSA)

a) മണ്ണ് പരിശോധനയും ക്യാമ്പെയിനുകളും

14. കാർഷിക വിപണി വികസന പദ്ധതി

a) ഓണച്ചന്തകൾ

b) മാർക്കറ്റ് ഇന്റലിജെൻസ് (അഗ്മാർക്ക്നെറ്റ്)

15. നാഷണൽ മിഷൻ ഓൺ നാച്ചുറൽ ഫാമിംഗ്(NMNF)

a) ഉത്പാദന ഉപാധികളുടെ വിതരണം

b) പരിശീലനങ്ങൾ

c) വിത്ത് വിതരണം

16 വിളപരിപാലന പദ്ധതി

a) പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ

b) വിള നിരീക്ഷണ പത്രിക

c) എലിനശീകരണം

17. ഫാം പ്ലാൻ പദ്ധതികൾ

a) ഫാം പ്ലാൻ രൂപീകരണം

b)ക്രിട്ടിക്കൽ കമ്പോണൻറുകൾക്കുള്ള ധനസഹായം

18. ഡിജിറ്റൽ ക്രോപ് സർവ്വേ(DCS)

19. വളങ്ങളുടെയും കീടനാശിനികളുടെയും ഗുണമേൻമ പരിശോധന(Quality Control)

20. സൗജന്യ വൈദ്യുതി പദ്ധതി

കോതമംഗലം നിയോജക മണ്ഡലത്തിൽ നബാർഡ് ധനസഹായത്തോടെയുള്ള RIDF പദ്ധതിയുടെ 29 ഘട്ടത്തിൽ ഉൾപ്പെടുത്തി മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന എരമല്ലൂർ തോട് ഫ്ലഡ് കൺട്രോൾ ആന്റ് ഡ്രൈനേജ് മാനേജ്മെൻറ് പദ്ധതി നടപ്പിലാക്കി വരുന്നു. കോതമംഗലം നിയോജകമണ്ഡലത്തിലെ നെല്ലിക്കുഴി പഞ്ചായത്തിലെ 280 ഹെക്ടർ പ്രദേശത്തിന്റെ സംരക്ഷണത്തിനായി നടപ്പിലാക്കുന്ന 255 ലക്ഷം രൂപ അടങ്കൽ തുകയുള്ള പ്രസ്തുത പദ്ധതിയിൽ

നാളിതുവരെ 180.7652 ലക്ഷം രൂപ ചെലവഴിച്ച് 78.57% പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| എരമല്ലൂർ തോട് ഫ്ലഡ് കൺട്രോൾ ആന്റ് ഡ്രൈനേജ് മാനേജ്മെന്റ് പദ്ധതി (RIDF 29) വിവരങ്ങൾ | |
|---|---|
| ഭരണാനുമതി | GO(MS)No.122/2023/AGRI Dated 28.12.2023 |
| സാങ്കേതികാനുമതി | ORDER No. SSSC/1490/2023-1PG2 Dated 19.06.2024 |
| അടങ്കൽ തുക | 255 ലക്ഷം |
| എഗ്രീഡ് തുക | 194.7806 ലക്ഷം |
| താലൂക്ക് | കോതമംഗലം |
| വില്ലേജ് /പഞ്ചായത്ത് | നെല്ലിക്കുഴി |
| വാർഡ് | 14,16,19 |
| നിയമ സഭാ മണ്ഡലം | കോതമംഗലം |
| പദ്ധതി നടപ്പിലാക്കുന്ന ഏരിയ | 280 ഹെ |
| ചെലവഴിച്ച തുക | 180.76520 ലക്ഷം |
| നിലവിലെ സ്ഥിതി | 78.57% |

സെൻട്രൽ സെക്ടർ സ്കീമായ ദേശിയ മണ്ണ് മാപ്പിംഗ് പദ്ധതി (National Soil Mapping Project)യുടെ ഭാഗമായി കോതമംഗലം ബ്ലോക്കിൽ വിശദ മണ്ണ് പര്യവേക്ഷണം തുടർന്ന് വരുന്നു.

കോതമംഗലം നിയോജക മണ്ഡലത്തിൽ RKI (Rebuild Kerala Initiative) സ്കീമിൽ ഉൾപ്പെടുത്തി നേര്യമംഗലം ഫാം ഡെവലപ്പ്മെന്റ് പ്രോജക്ട് കെ.എൽ.ഡി.സി. വഴി നടപ്പിലാക്കി വരുന്നു. പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്.

**സെക്ഷൻ ഓഫീസർ**